# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1378 | 04.02.2019 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര വില്ലേജ് ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന വിവരം ജില്ല/താലൂക്ക് തിരിച്ച് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകളുടെ എണ്ണം താലൂക്ക് തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 13-ാം പഞ്ചവത്സര പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഫണ്ടും ഭരണാനുമതിയും നൽകുന്ന മുറയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതാണ്. |
| (സി) | പുതുതായി നിർമ്മിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് രേഖകളുടെ ആധുനിക രീതിയിലുള്ള സംരക്ഷണം, ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം എന്നിവ മുൻനിർത്തിയുള്ള ഒരു ഏകീകൃത പ്ലാൻ പരിഗണിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) | വിവിധ സ്ഥലങ്ങളിൽ വില്ലേജാഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ലഭ്യമായ ഭൂമിയുടെ വിസ്തീർണ്ണം വ്യത്യാസമായതിനാൽ ഏകീകൃത പ്ലാൻ പ്രകാരം വില്ലേജാഫീസ് കെട്ടിടം നിർമ്മിക്കാൻ കഴിയുകയില്ല. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ജില്ല | താലൂക്ക് | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജാഫീസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര | 3 |
| | ചിറയിൻകീഴ് | 4 |
| | നെടുമങ്ങാട് | 1 |
| | തിരുവനന്തപുരം | 4 |
| കൊല്ലം | കുന്നത്തൂർ | 1 |
| | പുനലൂർ | 1 |
| | കൊല്ലം | 1 |
| പത്തനംതിട്ട | കോന്നി | 1 |
| | തിരുവല്ല | 1 |
| ആലപ്പുഴ | അമ്പലപ്പുഴ | 1 |
| | കാർത്തികപ്പള്ളി | 1 |
| കോട്ടയം | കാഞ്ഞിരപ്പള്ളി | 1 |
| | വൈക്കം | 1 |
| ഇടുക്കി | ഉടുമ്പൻചോല | 1 |
| | തൊടുപുഴ | 1 |
| എറണാകുളം | ആലുവ | 1 |
| | കുന്നത്തുനാട് | 1 |
| തൃശ്ശൂർ | ചാവക്കാട് | 1 |
| | കുന്നംകുളം | 1 |
| പാലക്കാട് | പാലക്കാട് | 2 |
| | പട്ടാമ്പി | 1 |
| | ഒറ്റപ്പാലം | 5 |
| മലപ്പുറം | നിലമ്പൂർ | 2 |
| കോഴിക്കോട് | കോഴിക്കോട് | 6 |
| | കൊയിലാണ്ടി | 3 |
| | താമരശ്ശേരി | 2 |
| | വടകര | 3 |
| വയനാട് | വൈത്തിരി | 1 |
| കണ്ണൂർ | തലശ്ശേരി | 2 |
| | ഇരിട്ടി | 2 |
| | പയ്യന്നൂർ | 2 |
| കാസർഗോഡ് | -- | -- |